(എ) തിരുവിതാംകൂറിൽ ഫസ്റ്റ് ക്രോപ്പിൽ എത്ര ലക്ഷം പറ നെല്ല് വിളഞ്ഞുയെന്ന പറയാമോ?

(ബി) അതിനെക്കാൾ ഫസ്റ്റ് ക്രോപ്പിൽ എത്ര നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശമെന്ന പറയാമോ?

(സി) കൊച്ചിയിൽ ഫസ്റ്റ് ക്രോപ്പിൽ എത്ര നെല്ല് വിളഞ്ഞുയെന്ന പറയാമോ?

(ഡി) ഫസ്റ്റ് ക്രോപ്പിൽ കൊച്ചിയിൽ എത്ര നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് ഗവണ്മെൻറുദ്ദേശിക്കുന്നത്.

വിദ്യാഭ്യാസവും ക്ഷേമവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ന,വ൨ ൦൦,൦൦൦ പറ നെല്ലെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) ൻവ, ൦ ൦ ൦ ൦ ലക്ഷം പറ നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

(സി) ൨,ന൨, ൦ ൦ ൦ ൦ ൦ പറ നെല്ല് വിളഞ്ഞിട്ടുണ്ട്.

(ഡി) ൨ ൦, ൦ ൦ ൦ ൦ ൦ ലക്ഷം പറ നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

Sri. P. Balakrishnan Tampi: Is the answer based on statistics or the imagination of the Secretary?

Sri. T. K. Narayana Pillai: Not on the imagination of the Secretary, but on the basis of information supplied to Government by officers.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പാവ്വ്തകാരന്മാരുടെ കണക്കാണോ ഇത്.

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ കണക്കുമുണ്ട്. ചില താലൂക്കുകളെ സംബന്ധിച്ചിടത്തോളം സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിന്റെ കണക്കുമുണ്ട്.

കൃഷിനാശം

* ൭൭൨. (ക്രമ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ—

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ പല നിലങ്ങളിലും മടവീണ് വൻപിച്ച കൃഷിനാശമുണ്ടായിട്ടുള്ളതായി ഗവണ്മെണ്ടിനറിയാമോ;

(ബി) ഇക്കൊല്ലം വളരെ കൂടുതൽ മടവീഴ്ചയും കൃഷിനശിക്കാനും കാരണമെന്താണെന്ന ഗവണ്മെണ്ടന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും ക്ഷേമവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം. അഞ്ച് ബ്ലോക്ക് കായൽ നിലങ്ങളിൽ കൃഷി പാടേയും നാല് ബ്ലോക്കുകളിൽ ഭാഗ്യയും മടവീണതുമൂലം നശിച്ചിട്ടുണ്ട്.

(ബി) മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വേലിയേറ്റമാണിതിനു കാരണമെന്നാണ് അന്വേഷണത്തിൽ മനസ്സിലായത്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മടവീണ നശിച്ച കൃഷിയുടമസ്ഥന്മാർക്ക് ഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും സഹായം നല്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹായം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എന്തു സഹായമാണു നല്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിൽ പമ്പിങ്ങ് സബ്സിഡി സൗകര്യങ്ങളും ചെയ്തു കൊടുത്തിട്ടുണ്ടു്. ഒരേക്കറിനു് ഏ പറ നെല്ലു കണക്കാക്കി കൃഷിയാവശ്യത്തിനു വിത്തും കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: ഈ വേലിയേറ്റത്തെപ്പറ്റി വളരെ മുൻകൂട്ടിയുള്ള അറിവു് ഹാർബർ അതോറിട്ടിസിനു് കിട്ടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞ ഒ ൦ വർഷങ്ങളായി ഈ മാതിരിയുള്ള വേലിയേറ്റം പെട്ടെന്നു ഉണ്ടായിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു:. ഹാർബർ അതോറിട്ടിസിനു് നേരത്തെ ഇതിനെപ്പറ്റിയുള്ള അറിവു് കിട്ടുകയില്ലേ എന്നാണു ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി എനിക്കു് അറിവില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മടവീണ സ്ഥലങ്ങളിൽ വീണ്ടും കൃഷി ചെയ്യാതെ വിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സംബന്ധിച്ചുള്ള പ്രിവൻറിവു് മെക്കേഴ്സിനെപ്പറ്റി എക്സ്പർട്ടുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടു്. ഈ മാതിരി സംഭവമുണ്ടാകാതിരിക്കാനാണു് വേമ്പനാട്ടു ഡാം കൊണ്ടുദ്ദേശിക്കുന്നതു്.

ഭക്ഷ്യധാന്യം

* ൭ ൩൨. (ഏ൩) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏ൯ ൫ ൦-ൽ എത്ര ടൺ ഭക്ഷ്യധാന്യം തിരുവിതാംകൂർ കൊച്ചിയിൽ ഇറക്കുമതി ചെയ്തു എന്നു പറയാമോ;

(ബി) ഏ൯ ൫ ഏ-ലേക്കു് എത്ര ടൺ ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദമുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨,൯൩,൩൦൦ ടൺ.

(ബി) ൩,൨൫,൦൦൦ ടൺ.

ഭക്ഷ്യവികസനപദ്ധതി

* ൭൭൪. (ഏ൪) ശ്രീ. വി. കെ. വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവികസന പദ്ധതിക്കു് ഏ൯൪൯, ഏ൯ ൫ ൦ ഈ വർഷങ്ങളിൽ ചിലവാക്കിയ തുക എത്ര;

(ബി) ഈ പദ്ധതിമൂലം ഏ൯ ൪൯, ഏ൯ ൫ ൦-ൽ കൂടുതലായി ഉണ്ടായ ഉല്പാദനം എത്ര?

LIBRARY ARCHIVES Kerala Legislative Assembly